"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- KAP-4 ബറ്റാലിയനിലെ ഹവിൽദാർ (7297) ശ്രീ.രജീഷ്.കെ കേരളാ പോലീസ് അക്കാദമി ക്വാർട്ടേഴ്സിൽ അനുമതിയില്ലാതെ താമസിച്ച കാലയളവ് സാധൂകരിച്ചും ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2290/2026/HOME തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. സംസ്ഥാന പോലീസ് മേധാവിയുടെ 27.11.2025, 15.05.2026 എന്നീ തീയതികളിലെ H14-185570/2025/PHQ നമ്പർ കത്തുകൾ.

2. ശ്രീ.രജീഷ്.കെ, ഹവിൽദാറിന്റെ 14.11.2025,07.04.2026 എന്നീ തീയതികളിലെ അപേക്ഷകൾ

**<u>ഉത്തരവ്</u>**

കേരളാ പോലീസ് അക്കാദമിയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിയെടുത്തു വരുന്ന KAP-4 ബറ്റാലിയനിലെ ശ്രീ.രജീഷ്.കെ, ഹവിൽദാർ 7297 എന്നവർക്ക് കേരളാ പോലീസ് അക്കാദമി എഫ് & ജി-23 നമ്പർ ക്വാർട്ടറിൽ 23.09.2024 മുതൽ 22.03.2025 വരെ താമസം അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലാവധി കഴിഞ്ഞതിനു ശേഷം ടിയാൻ തുടർ താമസത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. പിന്നീട് 16-09-2025 തീയതിയിൽ ടിയാൻ പ്രസ്തുത ക്വാർട്ടേഴ്സിൽ തുടർ താമസത്തിനായി അപേക്ഷ സമർപ്പിച്ചു. ടിയാൻ യഥാസമയം ക്വാർട്ടേഴ്സിൽ തുടർ താമസത്തിനായി അപേക്ഷ സമർപ്പിക്കാത്തതിനാൽ ടിയാന് എവിക്ഷൻ നോട്ടീസ് നൽകുന്നതിനും, അനധികൃത താമസ കാലയളവിലെ പിഴ വാടക ഈടാക്കുന്നതിനും കേരളാ

പോലീസ് അക്കാദമി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

എന്നാൽ ടിയാന്റെ ഭാര്യ ഡിപ്രഷൻ മൂലം ചികിത്സയിൽ കഴിയുന്നതിനാലും, സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലവും തുടർ താമസ അപേക്ഷ യഥാസമയം നൽകാൻ സാധിച്ചില്ലെന്നും ടിയാനും ഭാര്യയും നിലവിൽ ചികിത്സയിലായതിനാലും, കുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കുന്നതിനുമായി **23.03.2025** മുതൽ ഒരു വർഷത്തേയ്ക്ക് തുടർ താമസം അനുവദിച്ചു നൽകണമെന്നും പിഴവാടകയിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം (2) പ്രകാരം അപേക്ഷിച്ചു. പിന്നീട് **22.03.2026** മുതൽ ഒരു വർഷത്തേക്ക് കൂടി തുടർ താമസം അനുവദിക്കണമെന്ന് ടിയാൻ വീണ്ടും അപേക്ഷിച്ചു.

നിലവിൽ പ്രസ്തുത ക്വാർട്ടേഴ്സിനായി അപേക്ഷകൾ പെന്റിംഗ് ഇല്ലായെന്നും, ശ്രീ.രജീഷ്.കെ ഹവിൽദാർ നിലവിൽ ടി യൂണിറ്റിൽ അറ്റാച്ച് ചെയ്ത് പ്രവൃത്തിയെടുത്ത് വരുന്നതിനാലും ടിയാന്റെയും ഭാര്യയുടെയും ചികിത്സയും കുട്ടികളുടെ വിദ്യാഭ്യാസ സാഹചര്യവും കണക്കിലെടുത്തും ടി യൂണിറ്റിലെ പുതിയ അപേക്ഷകർ അധികമായി വരുന്ന പക്ഷം ആവശ്യപ്പെട്ടാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകാൻ ബാധ്യസ്ഥനാണെന്ന വ്യവസ്ഥയിൽ ടിയാന് തുടർ താമസം അനുവദിക്കാവുന്നതാണെന്ന് കേരള പോലീസ് അക്കാദമി ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.രജീഷ്.കെ ഹവിൽദാറിന്റെ കേരള പോലീസ് അക്കാദമി എഫ് &ജി-23 നമ്പർ ക്വാർട്ടറിലെ **23.03.2025** മുതൽ **15.09.2025** വരെയുള്ള അനധികൃത താമസം സാധൂകരിച്ച് നൽകുന്നതിനും **16.09.2025** മുതൽ **22.03.2027** വരെ തുടർതാമസം അനുവദിക്കുന്നതിനുമുള്ള ടിയാന്റെ പരാമർശം (2) ലെ അപേക്ഷകൾ സംസ്ഥാന പോലീസ് മേധാവി തുടർ നടപടികൾക്കായി പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ പരാമർശം (1) ലെ റിപ്പോർട്ട് പ്രകാരവും **KAP-4** ബറ്റാലിയനിലെ ശ്രീ.രജീഷ്.കെ ഹവിൽദാറിന്റെ പരാമർശം (2) ലെ അപേക്ഷകൾ പരിഗണിച്ചും ടിയാന്റെ കേരള പോലീസ് അക്കാദമി ജി-23 നമ്പർ ക്വാർട്ടറിലെ **23.03.2025** മുതൽ **15.09.2025** വരെയുള്ള അനധികൃത താമസം

സാധൂകരിച്ചും **16.09.2025** മുതൽ **22.03.2027** വരെ ടിയാന് പ്രസ്തുത ക്വാർട്ടേഴ്‌സിൽ, മറ്റ് അർഹരായ അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്‌സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUNITHA S GEORGE**

ഡെപ്യൂട്ടി സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

2.ഡയറക്ടർ, കേരള പോലീസ് അക്കാദമി,തൃശ്ശൂർ.

3.ശ്രീ.രജീഷ്.കെ ഹവിൽദാർ, കെ എ പി ബറ്റാലിയൻ 4

(ഡയറക്ടർ, കേരള പോലീസ് അക്കാദമി,തൃശ്ശൂർ മുഖേന)

4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി

5.കരുതൽ ഫയൽ(**HOME-D3/245/2025-HOME** )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 08-07-2026 12:20:14

സെക്ഷൻ ഓഫീസർ